**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 518** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>തിരുവല്ല നിയോജകമണ്ഡലത്തിലെ കുന്നന്താനം ഇൻഡസ്ട്രിയൽ പാർക്ക്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വർഗ്ഗീസ് മാമ്മൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** തിരുവല്ല നിയോജകമണ്ഡലത്തിലെ കുന്നന്താനം ഇൻഡസ്ട്രിയൽ പാർക്ക് പ്രവർത്തനമാരംഭിക്കാനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; പദ്ധതിയുടെ അടങ്കൽ തുക, നിർമ്മാണ പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

**<u>മറുപടി:</u>** തിരുവല്ല നിയോജക മണ്ഡലത്തിലെ കുന്നന്താനത്ത് വ്യവസായ വികസന പാർക്കിൽ 86 യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ടി വ്യവസായ പാർക്കിന്റെ കാലാനുസൃതമായ നവീകരണത്തിനു രണ്ട് പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

വ്യവസായ പാർക്കിന്റെ ഇന്റേണൽ റോഡിന്റെ നവീകരണം, ഗേറ്റ് എന്നീ പ്രവർത്തികൾക്ക് 99,98,000/- രൂപയും, വ്യവസായ പാർക്കിന്റെ ഓടകൾ, ചുറ്റുമതിൽ നിർമ്മാണം, സുരക്ഷാ ക്യാബിൻ എന്നീ പ്രവർത്തികൾക്ക് 99,97,000/- രൂപയുടെ ഭരണാനുമതിയുമാണ് നൽകിയിട്ടുള്ളത്.

**(ബി)** പദ്ധതി പൂർത്തിയാക്കി വ്യവസായസംരംഭങ്ങൾക്കായി പാർക്ക് തുറന്നു കൊടുക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്നും ആയതിനുള്ള തടസങ്ങളും വ്യക്തമാക്കാമോ; പദ്ധതി എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താമോ?

**<u>മറുപടി:</u>** നിലവിൽ ടി വ്യവസായ വികസന പാർക്ക് പ്രവർത്തനക്ഷമമാണ്. നവീകരണ പ്രവർത്തികൾ ചെയ്യുന്നതിനുള്ള തുക പൊതുമരാമത്ത് വകുപ്പിന് ഡിപ്പോസിറ്റ് വർക്ക് ആയി കൈമാറിയിട്ടുള്ളതാണ്. പൊതുമരാമത്ത് വകുപ്പ് ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**